Monthly Price Rs. 4/- 2008

# ബൈബിൾ ട്രൂത്ത്



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ "പാപമോചനം"

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 23** **August 2008** **No. 5**

## എഡിറ്റോറിയൽ

വിവിധങ്ങളായ വിവാദങ്ങൾ എല്ലാ മേഖലകളിലും വർദ്ധിച്ചു വരുന്നതായി നാം സമൂഹത്തിൽ കണ്ടുവരുന്നു. വ്യക്തികൾ തമ്മിലുള്ള വിവാദങ്ങൾ, സമൂഹങ്ങൾ തമ്മിൽ, സഭകൾ തമ്മിൽ, രാഷ്ട്രങ്ങൾ തമ്മിൽ, രാഷ്ട്രീയവും മതവും തമ്മിൽ ഇങ്ങനെ ആ പട്ടിക നിരന്തരമായി നീണ്ടുപോകുന്നു. ഇതു ഒന്നും രണ്ടുമല്ല, അനേകമടങ്ങാണെന്നു പരിശോധിച്ചാൽ മനസ്സിലാകും. ഇവയുടെ കാരണവും പ്രതിവിധിയും നാം തിരുവെഴുത്തിൽ കൂടെ കണ്ടെത്തണം. കാരണം തിരുവെഴുത്തുകൾ കണ്ണാടി പോലെയാണ്. നാം ദിവസവും കണ്ണാടി നോക്കുന്നവരാണ്. നമ്മുടെ ആകൃതി എങ്ങനെയുണ്ട്, എന്തെങ്കിലും അപാകതകൾ ഉണ്ടോ എന്നും തിരിച്ചറിയുകയും അതു പരിഹരിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ ഉദ്ദേശം. ദൈവവചനവും ആ ഉദ്ദേശത്തിനാണ് നല്കിയിരിക്കുന്നത്. അധികം ആളുകളും ആ ഉദ്ദേശം നടപ്പാക്കുന്നില്ല എന്നതാണ് വാസ്തവം. അഭിപ്രായ ഭിന്നതകളാണ് വിവാദങ്ങളായി തീരുന്നത്. ഒരു വ്യക്തിയുടെ അഭിപ്രായത്തോടു മറ്റൊരു വ്യക്തിക്കു യോജിക്കുവാൻ കഴിയാതിരിക്കുന്നു. അതു പരസ്യമാക്കി പ്രസ്താവനകൾ ഇറക്കുന്നു. സ്വാഭാവികമായി മറ്റെ വ്യക്തിക്കും പ്രതികരണ മനോഭാവം പ്രകടിപ്പിക്കേണ്ടിവരും. അങ്ങനെയാണ് ഓരോ വിഷയത്തെയും കുറിച്ചു വിവാദങ്ങൾ ഉയരുന്നതു. അടിസ്ഥാനപരമായി അന്യോന്യം എന്തോ അകൽച്ച ഉണ്ടായി കാണും; സ്നേഹത്തിനു അങ്ങനെ ഭംഗം നേരിട്ടു കാണും.

അതു ഇത്തരം സന്ദർഭങ്ങളിൽ ഉയർന്നുവരും. മറ്റു ചിലർ അതിനെ മുതലെടുത്തു കാര്യങ്ങൾ വഷളാക്കുകയും ചെയ്യും. അങ്ങനെ സമൂഹത്തിൽ അസ്വസ്ഥതയുണ്ടാകും.

ആദ്യമായി, ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ് എന്നു നാം തിരിച്ചറിയണം. ദൈവഹിതം എന്തെന്നാൽ ദൈവസൃഷ്ടികളായ മനുഷ്യർ എല്ലാവരും യോജിച്ചിരിക്കണം എന്നതാണ്. ഐക്യത ശക്തിയാണ്. അനൈക്യം ബലഹീനവുമാകുന്നു. ഐക്യത കൊണ്ടു നമുക്കു പലതും നേടുവാൻ കഴിയും. യോജിപ്പില്ലായ്മ കൊണ്ടു പലതും നഷ്ടമാകുകയേ ഉള്ളൂ. ആളുകൾ തങ്ങളുടെ വ്യക്തിപരമായ കാഴ്ച്ചപ്പാടുകൾക്കനുസരിച്ചു കാര്യങ്ങളെ വിവേചിക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതിനേക്കാളുപരി നാം പൊതുവായ നന്മ കണക്കിലെടുക്കണം. യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു പ്രവർത്തിച്ച കാര്യങ്ങളാണ് നാം മാതൃകയാക്കി എടുക്കേണ്ടത്. ആത്മാക്കളുടെ രക്ഷ ലക്ഷ്യമാക്കിയാണ് കർത്താവു പ്രവർത്തിച്ചത്. അതിനെ അന്നത്തെ മതപുരോഹിതന്മാർ വിവാദമാക്കി. യേശുക്രിസ്തു അവരുടെ മതപരമായ തെറ്റുകളെ ചൂണ്ടിക്കാണിച്ചതു അവർക്ക് ഇഷ്ടപ്പെട്ടില്ല. അവരുടെ മതാധികാരത്തിനു യേശുക്രിസ്തു എതിരാണെന്നു കരുതി അവർ യേശുവിനെ ഇല്ലാതാക്കുവാൻ ഗൂഢാലോചന നടത്തി. യെഹൂദന്മാർ യേശുക്രിസ്തുവിനെ ക്രൂശിലേല്പിക്കുവാൻ തീരുമാനിച്ചതു അക്കാരണത്താലായിരുന്നു. ദൈവം അതിനെ ലോകരക്ഷക്കു കാരണമാക്കി. കർത്താവിന്റെ സഭ ആരംഭിക്കുമ്പോൾ സഭ ഒരുമനപ്പെട്ടു പോകണമെന്നായിരുന്നു യേശുവിന്റെ പ്രാർത്ഥന. അതു ഒന്നാം നൂറ്റാണ്ടിൽ നിറവേറുകയുമുണ്ടായി. എന്നാൽ പിന്നീട് അതിനു വിഘാതമുണ്ടായി. ദുരുപദേശങ്ങളായിരുന്നു ഭിന്നിപ്പിന്റെ പ്രധാന കാരണം. തെറ്റായ രീതിയിൽ കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശത്തെ കോട്ടി മറിച്ചു പഠിപ്പിച്ചതുകൊണ്ട് ഭിന്ന ഗ്രൂപ്പുകളുണ്ടായി. എല്ലാവരും ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്; ക്രിസ്തുവിന്റെ വചനത്തെയും എടുത്തിരിക്കുന്നവരാണ്. പക്ഷെ സത്യോപദേശത്തിൽ നിന്നകന്നു പോയി.

നാം ഇന്നു എന്താണ് ചെയ്യേണ്ടത്? വിവാദങ്ങൾ ഉണ്ടാകുവാൻ കാരണം കർത്താവു പറഞ്ഞിരിക്കുന്നതു ഇടർച്ച വരേണ്ടതു ആവശ്യമാണ്. എന്നാൽ ഇടർച്ചവരുത്തുന്നവനു അയ്യോ കഷ്ടം എന്നാണ്

പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യാനികളായവർ ഇടർച്ചയുണ്ടാക്കരുത്. വ്യക്തികൾ തമ്മിലായാലും സഭയിലായാലും സംസാരത്തിലോ, പെരുമാറ്റത്തിലോ, പ്രവൃത്തിയിലോ നാം ആർക്കും ഒരു വിധത്തിലും ഇടർച്ചയുണ്ടാക്കരുത്. ക്രിസ്തുവിന്റെ സുവിശേഷത്തിനു ഭംഗം വരാതെ സൂക്ഷിക്കണം. നമ്മുടെ സ്വഭാവമോ, പ്രവൃത്തിയോ, സംസാരമോ കൊണ്ടു ഒരാത്മാവുപോലും നഷ്ടപ്പെട്ടുപോകരുത്. മാംസം എന്റെ സഹോദരനു ഇടർച്ച വരുത്തുന്നു എങ്കിൽ, ഞാൻ ഒരു നാളും മാംസം ഭക്ഷിക്കുകയില്ല എന്ന തീരുമാനം പൗലൊസ് എടുക്കുവാനുള്ള കാരണം ഭക്ഷണത്തേക്കാൾ വില ആത്മാവിനുണ്ട് എന്നതിനാലാണ്. ഏതു വിഷയത്തെ സംബന്ധിച്ചാണെങ്കിലും ബൈബിൾ, തത്വം നാം എടുക്കണം. അങ്ങനെയാണ് വിവാദ പ്രശ്നങ്ങളെയും നാം കൈകാര്യം ചെയ്യേണ്ടത്. ശരിയായ ആശയവിനിമയം നടത്തി സത്യം നാം മനസ്സിലാക്കണം. പരസ്പര വിശ്വാസവും പരസ്പര സ്നേഹവും നാം വളർത്തിയെടുക്കണം. അതിനു തടസ്സം സൃഷ്ടിക്കരുത്. നാം തിരഞ്ഞെടുക്കേണ്ട കാര്യങ്ങൾ നാം തന്നെ തിരഞ്ഞെടുക്കണം. മറ്റൊരാളുടെ അറിവിൽ നാം പൂർണ്ണമായി ആശ്രയിക്കാതെ കർത്താവിന്റെ പരിജ്ഞാനത്തിൽ ആശ്രയിക്കുക. ഇക്കാര്യത്തിൽ രണ്ടു കാര്യങ്ങൾ മുഖ്യമായും നാം ഓർമ്മിക്കണം. ഒന്നു നാം നമ്മെത്തന്നെ വിവാദമാകാതിരിപ്പാൻ ശ്രമിക്കണം. മറ്റുള്ളവരുടെ വിവാദത്തെ ഊതിപ്പെരുപ്പിക്കാതെ അതു ഇല്ലാതാക്കുവാൻ നാം ശ്രമിക്കണം. പ്രാർത്ഥനയും ദൈവവചന പഠനവും ഈ കാര്യത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ്.

ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചു അനുസരിച്ചു ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ദൈവത്തിനു സകലത്തിലും കീഴ്പ്പെടുവാനുള്ള മനസ്സുണ്ടാകും. വിവാദമുണ്ടാകുന്നതുതന്നെ കേവലം പോരായ്മയാണ്. അതു ആത്മീയതയല്ല. ദൈവത്തോടുള്ള വിശ്വസ്തതയും പരസ്പര സ്നേഹവുമാണ് ക്രിസ്ത്യാനിക്കുവേണ്ടത്. നമ്മുടെ ജീവിതം ദൈവത്തിനും മനുഷ്യർക്കും പ്രയോജനകരമായി തീരുവാൻ നമുക്കു ദൈവത്തിൽ തന്നെ നമ്മെ ഏല്പിച്ചു ജീവിക്കാം. അതു ദൈവ സന്നിധിയിൽ പ്രസാദകരമായി തീരുമാറാകട്ടെ.

# കർത്താവിന്റെ ഇഷ്ടം ഗ്രഹിക്കൽ

## J.C. ചോട്ട്

അപ്പൊസ്തലനായിരുന്ന പൗലൊസ് തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചു കൊൾവിൻ" (എഫെസ്യർ 5:17). കർത്താവിനു ഒരു ഇഷ്ടമുണ്ടെന്നും അതു മനസ്സിലാകത്തക്കതാണെന്നും ഇതിൽ നിന്നു തെളിയുന്നു. ഐത്യോപ്യക്കാരനായ ഒരാൾ യെശയ്യാവിന്റെ പുസ്തകം വായിക്കുന്നതു കണ്ടപ്പോൾ ഫിലിപ്പൊസ് അവനോട് നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചു (പ്രവൃത്തി 8:30). തുടർന്നു ഫിലിപ്പൊസ് ആ വേദഭാഗത്തെ അവനു വിശദീകരിച്ചു കൊടുത്തു. അങ്ങനെ ഒരിക്കൽ സത്യം കേട്ടപ്പോൾ അവൻ മനസ്സിലാക്കേണ്ടതുപോലെ മനസ്സിലാക്കി. മാത്രമല്ല അവൻ കർത്താവിനെ അനുസരിക്കാനും തയ്യാറായി. എന്നാൽ അതുവരെ അങ്ങനെയുള്ള ഒരു തോന്നൽ അവനിൽ ഉണ്ടായില്ല. ക്രിസ്തു ആരായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നില്ലെങ്കിൽ, രക്ഷിക്കപ്പെടുവാൻ അവൻ എന്താണ് ചെയ്യേണ്ടത് എന്നു അറിഞ്ഞിരുന്നില്ലെങ്കിൽ അവൻ രക്ഷിക്കപ്പെടുവാൻ കർത്താവിനെ അനുസരിക്കുമായിരുന്നില്ല.

നാം ദൈവത്തെ വിശ്വസിക്കേണ്ടതാണെന്നു തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നു (എബ്രായർ 11:6). യേശു ദൈവപുത്രനാണെന്നു നാം വിശ്വസിക്കണം (യോഹന്നാൻ 14:3). കൂടാതെ മാനസാന്തരം എന്താണെന്നും, മാനസാന്തരത്തിന് എന്താണ് ആവശ്യമെന്നും മനസ്സിലാക്കണം. ദൈവകല്പനയായ മാനസാന്തരത്തെ നാം അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെ നാം അങ്ങനെ സ്വീകരിക്കും (ലൂക്കൊസ് 13:3; പ്രവൃത്തി 2:38). ക്രിസ്തു ദൈവപുത്രനാണെന്നുള്ള ഒരാളുടെ വിശ്വാസം മനുഷ്യരുടെ മുൻപാകെ അതു ഏറ്റുപറയുന്ന രീതിയിൽ വ്യക്തമാകണം (മത്തായി 10:32–33). നാം കർത്താവിനെ തള്ളിപ്പറയുന്നുവെങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും എന്നു പൗലൊസ് പ്രസ്താവിച്ചിരിക്കുന്നു (2 തിമൊഥെയൊസ് 2:12). അതുപോലെ തന്നെ ഒരാൾ വചനപ്രകാരം സ്നാനമേൽക്കുകയാണെങ്കിൽ, സ്നാനം വെള്ളത്തിൽ അടക്കമാണെന്നും, അതു പാപമോചനത്തിനും, ക്രിസ്തുവിനോടും അവന്റെ സഭയോടും ചേർക്കപ്പെടു

ന്നതിനും ആണെന്ന് ഒരാൾ അറിഞ്ഞിരിക്കണം. ശരിയായ അറിവില്ലാതെ സ്നാനമെടുക്കുന്നത് പ്രയോജനപ്പെടുകയില്ല (റോമർ 6:3, 4; പ്രവൃത്തി 2:38). ദൈവേഷ്ടമാണ് നാം അറിയേണ്ടത്. മനുഷ്യരുടെ ഇഷ്ടമല്ല നാം അനുസരിക്കേണ്ടത്.

ക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷം സ്വർഗ്ഗത്തിൽ പിതാവിന്റെ അടുക്കൽ മടങ്ങി പോകുന്നതിനുമുൻപ് അവൻ ധാരാളം സമയം ശിഷ്യൻമാരോടുകൂടെ ചെലവഴിച്ചു. ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്തു (പ്രവൃത്തി 1:3). അതിനുശേഷം അവന്റെ ശിഷ്യനായിരുന്ന ഫിലിപ്പൊസ് ശമര്യയിൽ പോയി അവൻ അവരോട് ക്രിസ്തുവിനെ പ്രസംഗിച്ചു എന്നു നാം വായിക്കുന്നു (പ്രവൃത്തി 8:5). അതുപോലെ മറ്റൊരു കാര്യം അവിടെ വെളിപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. "എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു (പ്രവൃത്തി 8:12). പക്ഷെ എന്താണീ ദൈവരാജ്യം? അത്, സഭ എന്ന കർത്താവിന്റെ ആത്മീയ ഭവനമാകുന്നു (മത്തായി 16:18–19). കൊലൊസ്യ സഭക്കു എഴുതുമ്പോൾ പൗലൊസ് വിശദമാക്കുന്ന സത്യവും അതു തന്നെ. നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു (കൊലൊസ്യർ 1:13–14). ഇതിൽ പൗലൊസും ഉൾപ്പെട്ടിരിക്കുന്നതായി നമുക്കു ഗ്രഹിക്കാം. പിന്നീട് ഒരാൾ രക്ഷിക്കപ്പെടുവാൻ കർത്താവിന്റെ ഇഷ്ടം അനുസരിച്ച് സ്നാനപ്പെടുന്ന ഒരാളെ കർത്താവ് വ്യക്തിപരമായി തന്റെ സഭയോടു ചേർക്കുന്നു (പ്രവൃത്തി 2:47). എന്നാൽ അനേക നാമധേയ വിഭാഗങ്ങൾ നിലനിൽക്കുമ്പോൾ, യഥാർത്ഥ സഭ ഏതെന്നു അറിയാത്ത ഒരാൾ എങ്ങനെ ഇതു സാദ്ധ്യമാക്കും? സത്യ സഭയിലേക്കു അറിവില്ലാതെ എങ്ങനെ പ്രവേശിക്കുവാൻ സാധിക്കും?

ഞാൻ പറയുന്നതിന്റെ സാരമെന്തെന്നാൽ, ക്രിസ്തുവിനെ വെറും മനുഷ്യനായിട്ടോ, അല്ലെങ്കിൽ അനേകം കർത്താക്കന്മാരിൽ ഒരാളായിട്ടോ നാം പരിഗണിക്കരുത്. അവൻ ദൈവപുത്രനാണ്; ഏക

കർത്താവാണ്. ഈ ലോകത്തിൽ ജീവിക്കുന്ന ഏതൊരു മനുഷ്യനും മനസ്സിലാക്കേണ്ട കാര്യം, ക്രിസ്തുവിനെ നാം അറിഞ്ഞിരിക്കേണ്ടതു ജീവനുള്ള ദൈവത്തിന്റെ പുത്രനായിട്ടാണ്; അവൻ മാത്രമാണ് നമ്മുടെ രക്ഷിതാവ്. എന്ത് ആചാരങ്ങൾ അനുവർത്തിച്ചാലും കർത്താവ് അതിൽ സംപ്രീതനാകും എന്ന് വിചാരിക്കരുത്. ദൈവത്തിന്റെ ഹിതം എന്തെന്നു നാം തിരിച്ചറിയുവാൻ അവൻ വഴി ഒരുക്കിയിരിക്കുന്നു. ആ അവസരം നാം തള്ളിക്കളയരുത്. പൊതുവായ ജ്ഞാനം, അല്ലെങ്കിൽ പരിജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്ന പുതിയ നിയമം നമ്മൾ എല്ലാവരും ശരിയായി വായിച്ച് മനസ്സിലാക്കി അനുസരിക്കണം. ദൈവത്തെ മാനിക്കുന്നത് അങ്ങനെയാണ്. സ്വന്ത ഇഷ്ടങ്ങളേക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിനു നാം നമ്മെ വിട്ടുകൊടുക്കണം.

ഏതു രീതിയിൽ സ്നാനപ്പെട്ടാലെന്താ? ഏതു സഭയിലായാലെന്താ? ആരാധന എങ്ങനെ ആയാലെന്താ? എന്നീ ചോദ്യങ്ങൾ ഉയർത്തുന്നവർ ദൈവത്തിന്റെ ഹിതത്തെ മാനിക്കുന്നവരല്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ നോക്കുന്നവർ, ദൈവം അരുളിച്ചെയ്തിരിക്കുന്നത് എന്തെന്ന് പരിശോധിക്കും. ദൈവത്തിനാണ് നാം മഹത്വം കൊടുക്കേണ്ടത്. അറിവില്ലാത്ത അജ്ഞതയിൽ ഉള്ള ദൈവിക ആരാധന ദൈവം സ്വീകരിക്കുമെന്ന് കരുതണ്ട. ആ കാലം കഴിഞ്ഞുപോയി. ഇപ്പോൾ ദൈവത്തെ എല്ലാവരും അറിഞ്ഞ് അവനെ നമസ്കരിക്കേണം (പ്രവൃത്തി 17:23).

ദൈവ വചനമാണ് സത്യമെന്നും, സത്യമാണ് നമ്മെ രക്ഷിക്കയും സ്വതന്ത്രമാക്കയും ചെയ്യുന്നതെന്നാണ് നമ്മോടു അരുളിച്ചെയ്തിരിക്കുന്നത് (യോഹന്നാൻ 17:17; 8:32). ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ പോകുന്നില്ല എന്നും യേശുക്രിസ്തു പറയുകയുണ്ടായി. പിതാവിന്റെ ഇഷ്ടം അനുസരിച്ചാണ് കർത്താവ് ഈ ഭൂമിയിൽ വന്നതും യാഗമായി തീർന്നതും. സ്വയമായി സംസാരിക്കാതെ പിതാവ് വെളിപ്പെടുത്തിയത് അങ്ങനെ തന്നെ പ്രസ്താവിച്ച യേശുവിന്റെ കല്പനകൾ നാം ദൈവത്തിന്റെ ഇഷ്ടമായി കണക്കാക്കണം.

അജ്ഞത ആരെയും രക്ഷിക്കുന്നില്ല. അറിവില്ലായ്മ ഒരാളെ ക്രിസ്തുവിനോടൊ അവന്റെ സഭയോടൊ ചേർക്കുന്നില്ല. അപ്ര

കാരം ദൈവത്തെ ആരാധിച്ച് സ്വീകരിപ്പിക്കാമെന്ന് കരുതണ്ട. ലോകത്തിനു ഇന്നു ആവശ്യമായതും ദൈവം നൽകിയിട്ടുള്ളതുമായ ഉപദേശം നൽകുവാൻ അറിവില്ലായ്മക്കു സാദ്ധ്യമല്ല. അജ്ഞത പലപ്പോഴും മനുഷ്യരെ അന്ധവിശ്വാസത്തിലേക്കും ഇരുട്ടിലേക്കും നയിക്കും.

പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കാതെ ഒരാൾക്കു രക്ഷ പ്രാപിപ്പാൻ കഴിയുകയില്ല എന്നു കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. പാപത്തിൽ നിന്നു മോചനം ലഭിക്കുവാൻ, ശിക്ഷ ഒഴിവാക്കുവാൻ അതു കൂടിയേ തീരൂ (മത്തായി 7:21). ദൈവഹിതപ്രകാരം ഒരാൾക്കു വിശ്വാസം വരേണ്ടതു അവന്റെ വചനം കേൾക്കുന്നതിലൂടെയാണ് (റോമാലേഖനം 10:17). അതുപോലെ തന്നെ സുവിശേഷം സർവ്വലോകത്തിലും എത്തിക്കേണ്ടതാണെന്നും ക്രിസ്തു കല്പിച്ചു (മർക്കൊസ് 16:15). നാം സുവിശേഷം അനുസരിക്കയും മറ്റുള്ളവരെ അതു പഠിപ്പിക്കയും വേണമെന്ന് അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സകല ജാതികളോടും അറിയിക്കേണ്ട ഒന്നാണ് സുവിശേഷം (മത്തായി 28:19-20). എന്തുകൊണ്ട് സുവിശേഷം അല്ലെങ്കിൽ ദൈവത്തിന്റെ വചനം ഉപദേശിക്കയും പഠിപ്പിക്കയും ചെയ്യണം? എന്തുകൊണ്ട് ആളുകൾ ബൈബിൾ വായിച്ച് പഠിക്കണം? കാരണം അവർ ദൈവവചനം മനസ്സിലാക്കണം. മനസ്സിലാക്കി ബുദ്ധിയോടെ അത് അനുസരിക്കണം. അങ്ങനെ അവരും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കണം. നഷ്ടപ്പെട്ടവർക്കു മോചനത്തിനായി ദൈവം വെച്ചിരിക്കുന്ന മാർഗ്ഗമാണ് സുവിശേഷം.

പകുതി സത്യം അനുസരിച്ചതുകൊണ്ടോ അല്ലെങ്കിൽ ഞാനിതൊന്നും അറിഞ്ഞില്ല എന്നു പറഞ്ഞതുകൊണ്ടോ ദൈവം ആരെയും രക്ഷിക്കുകയില്ല. എന്തെങ്കിലും വിശ്വസിച്ച് എന്തെങ്കിലും പ്രവർത്തിച്ച് സഭയിലേക്കു പ്രവേശിക്കുന്നതിനു അത് തടസ്സമായിരിക്കരുത്. അറിവില്ലാത്ത ഒരാൾക്കു ഔദ്യോഗികമായി ഡോക്ടർ ആകുവാൻ സാദ്ധ്യമല്ല; അറിവില്ലാതെ ഒരാൾക്കു പ്ലെയിൻ ഓടിക്കുവാൻ പറ്റുകയില്ല. അതുപോലെ തന്നെ കമ്പ്യൂട്ടർ ഉപയോഗിക്കണമെങ്കിലും അറിവ് വേണം. ഒരു ഭാഷ സംസാരിക്കാൻ കഴിയണമെങ്കിലും അതു പഠിക്കണം. നീണ്ട മണിക്കൂറുകളും സമയങ്ങളും എടുത്ത് പഠിച്ച് പരിശീലിച്ചശേഷം ഉപയോഗിക്കാവുന്നതാണ്

ഇതെല്ലാം. ആ ലക്ഷ്യത്തിലെത്തുവാൻ, ആ ഉദ്ദേശത്തിനായി വളരെയധികം ശ്രമം എടുക്കേണ്ടതാണ്. അതുപോലെ തന്നെയാണ് ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങളും. നാം അവയെ അറിയണം. അറിയണമെങ്കിൽ അത് വെളിപ്പെടുത്തിയിരിക്കുന്ന പുസ്തകം വായിച്ച് മനസ്സിലാക്കണം. വിശ്വാസവും അനുസരണവും രക്ഷയ്ക്കായി ആവശ്യമാണ്; കർത്താവിന്റെ സഭയിലേക്കു ചേർക്കപ്പെട്ടുവാനും ആരാധിക്കുവാനും കർത്താവിനെ പ്രസാദിപ്പിക്കുന്നതിനും എല്ലാം ഇത് അത്യാവശ്യമാണ്. ഒഴിഞ്ഞുമാറിയതുകൊണ്ട് അവസാനം ശിക്ഷയായിരിക്കുമെന്ന് ഓർമ്മിക്കുക.

രക്ഷക്കും സത്യത്തിനും ആയി നമ്മുടെ കണ്ണുകളെ തുറക്കത്തക്ക രീതിയിൽ, ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തി തന്നിരിക്കുന്ന കർത്താവിന്റെ വചനം നമുക്കു തന്ന ദൈവത്തിനു സ്തോത്രം. ആർക്കാണ് രക്ഷ പ്രാപിക്കാൻ പറ്റുക? ദൈവ വചനം കേട്ട് വിശ്വസിച്ച് ദൈവേഷ്ടം അനുസരിക്കുന്നവർക്ക്. വളരെ ലളിതമായിട്ടുള്ള സത്യം നിങ്ങൾക്കും എനിക്കും വേണ്ടിയാണ് നമ്മുടെ കർത്താവ് രൂപപ്പെടുത്തിയിട്ടുള്ളത്.

## മുത്തുകളിലും വിലയേറിയത്

**ഫ്രാൻസെസ് P**

"ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ. അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്. അത് മുത്തുകളിലും വിലയേറിയത്" (സദൃശവാക്യങ്ങൾ 3:13, 14).

മനോഹരമായ മുത്തിനാൽ ആകർഷിക്കപ്പെടാത്ത ആരെങ്കിലും ഉണ്ടോ? വിശേഷിച്ച് സ്വർണ്ണത്തിലും വെള്ളിയിലും മുന്തിനിൽക്കുന്ന ഒന്നായിരിക്കുമ്പോൾ? മുത്തിന്റെ ചുവന്ന തിളക്കം മറ്റുള്ള നിറങ്ങളിൽ നിന്നും അനേകം പേരെ ഇഷ്ടപ്പെടുത്തുന്നു. കാഴ്ച്ചക്കാരനെ ഉത്തേജിപ്പിക്കുന്നതും കൈവശമാക്കിയാൽ എത്ര നന്നെന്ന വികാരം ജനിപ്പിക്കുന്നതുമാണിത്. ഇഗ്നേയസ് എന്ന പാറയിൽ നിന്നു കിട്ടുന്ന

മുത്തിന്റെ വലിപ്പമനുസരിച്ചാണ് അതിന്റെ വില. വജ്രത്തേക്കാൾ അപൂർവ്വമായി കിട്ടുന്ന മുത്തിനു പ്രിയമേറും. കാണാൻ കൗതുകകരമെന്നുമാത്രമല്ല അതു വളരെ കടുപ്പമുള്ളതാണ്. അതിന്റെ കാഠിന്യം വജ്രത്തേക്കാൾ വലുതാണ് എന്നും എടുത്തു പറയാവുന്നതാണ്.

തന്റെ മനുഷ്യർ സ്വർണ്ണം, വെള്ളി, വജ്രം, മുത്ത് തുടങ്ങിയവക്കു വില കല്പിക്കുമെന്നും അവ ഉപയോഗിക്കുമെന്നും നമ്മുടെ ദൈവത്തിനറിയാം. അതുകൊണ്ട് എല്ലാവർക്കും സുപരിചിതമാകുന്ന ഇവയെ ബൈബിളിൽ പ്രതിപാദിക്കയും ചെയ്തിരിക്കുന്നു. ആദ്യ സമാഗമന കൂടാരത്തിൽ സ്വമേധാ ദാനങ്ങളായി കൊണ്ടുവന്നവ ഉപയോഗിച്ചിട്ടുണ്ട്. പ്രായശ്ചിത്തമായി ആളുകൾ ദൈവത്തിനു ഇവ വഴിപാടായി അർപ്പിച്ചിട്ടുണ്ട്. ഉണ്ടാകേണ്ട ഗുണഗണങ്ങൾ ഇതിനോടു സാമ്യപ്പെടുത്തി പ്രസ്താവിച്ചിട്ടുമുണ്ട്. ദൈവത്തെ അനുസരിക്കുന്ന ഒരു വ്യക്തിക്കു ലഭിക്കുന്ന നിത്യഭവനത്തെ വിവരിക്കുവാൻ യോഹന്നാൻ, തനിക്ക് അറിയാവുന്ന വിലയേറിയ രത്നങ്ങൾ എല്ലാം എടുത്തു പറയുന്നു. മനുഷ്യ വർണ്ണനയിൽ ഒതുങ്ങാത്ത ഒന്നാണല്ലോ സ്വർഗ്ഗം. അതുകൊണ്ട് അതിന്റെ മഹിമ മുത്തുകളേക്കാൾ ശ്രേഷ്ഠമത്രെ.

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രാജാവായിരുന്നല്ലോ ദാവീദിന്റെ മകനായ ശലോമോൻ. ദൈവത്തോടു ഏതു വേണമെങ്കിലും യാചിക്കാം. അതു നല്കാമെന്ന വാഗ്ദാനം ഉണ്ടായിരുന്നപ്പോൾ തന്റെ ജനത്തെ നന്നായി ഭരിക്കുവാനുള്ള ജ്ഞാനവും വിവേകവുമാണ് ശലോമോൻ ചോദിച്ചത്. അവന്റെ പ്രതികരണത്തിൽ ദൈവം സംപ്രീതനായി അവനു ജ്ഞാനം മാത്രമല്ല, ലോകം കണ്ടിട്ടില്ലാത്ത സമ്പത്തും പദവിയും കൊടുത്തു. എങ്കിലും ഈ രാജാവ് തന്റെ ജ്ഞാനം പ്രദർശിപ്പിച്ചതു നോക്കുമ്പോൾ ജ്ഞാനവും വിവേകവും പ്രാപിക്കുന്നത് മുത്തുകളേക്കാൾ വിലയേറിയത് എന്നു കാണാം. കാരണം വിലപിടിപ്പുള്ള ഈ വസ്തുക്കൾ എല്ലാം അഴിഞ്ഞു പോകുന്നതാണ്.

ശലോമോന്റെ പുസ്തകമായ സദൃശവാക്യങ്ങളിൽ ഒരു സാമർത്ഥ്യമുള്ള ഭാര്യയെ വിശദമാക്കുന്നുണ്ട്. ഇവിടെ പറയുന്ന സാമർത്ഥ്യം ബുദ്ധിയും വിവേകവും നിറഞ്ഞ കഴിവിനെയാണ് കുറിക്കുന്നത്. അവളുടെ വില മുത്തുകളേക്കാൾ വലുതു എന്ന് പറ

യുന്നു. അനേകം സമ്പത്തിന്റെ ഉടമയും നൂറുകണക്കിനു ഭാര്യമാരും വെപ്പാട്ടിമാരും ഉണ്ടായിരുന്ന ശലോമോന്റെ അറിവ് ഇവിടെ പ്രകടമാകുന്നു.

ഓരോ മുത്തിലും അതിന്റെ കേന്ദ്രത്തിൽ സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു രേഖ ദർശിക്കാവുന്നതാണ്. പ്രകാശം കടത്തിവിട്ടാൽ അതു കാണാം. പ്രകാശരശ്മി ഏതു ദിശയിലാണ് അതിലേക്കു കടക്കുന്നത് അതനുസരിച്ചായിരിക്കും അതിന്റെ വർണ്ണവും ധനികത്വവും. ഒരു മുത്തിൽ പ്രകാശം എങ്ങനെ പ്രതിഫലിപ്പിച്ച് അതിന്റെ മനോഹാരിത്യം വർദ്ധിപ്പിക്കുന്നുവോ അതുപോലെയാണ് ഒരു വ്യക്തിയുടെ ക്രിസ്തീയ ജീവിതവും. യേശു പറഞ്ഞു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു." ആ വെളിച്ചം എത്രമാത്രം നമ്മിൽ ഉണ്ട്, എന്നത് പ്രകാശം കടത്തിവിടുന്നതിനനുസരിച്ചായിരിക്കും. തുറന്ന ഹൃദയത്തിലേക്കു രക്ഷകന്റെ പ്രകാശം കടത്തിവിട്ടാൽ അതു പ്രതിഫലിപ്പിക്കുന്ന പ്രകാശം മറ്റനേകം പേർക്കു കാഴ്ച നൽകും. അങ്ങനെ അവർ എല്ലാം തിളങ്ങുന്ന മുത്തുകളായി മാറും.

ഒരു മുത്ത് എങ്ങനെ രൂപപ്പെടുന്നു എന്നത് ഇന്നും അവ്യക്തമാണ്. അഗ്നിപർവ്വതങ്ങൾ പൊട്ടി ഒഴുകുമ്പോൾ, കൽക്കരിഖനികളിൽ പ്രവർത്തിക്കുമ്പോൾ ഒക്കെയാണ് ഇതു കണ്ടെടുത്തിട്ടുള്ളത്. ആദ്യമായി കണ്ടെടുത്ത മുത്ത് തണുത്തുറഞ്ഞ കൽക്കരി കഷണത്തെ പോലെയായിരുന്നു. എന്നാൽ അതു വൃത്തിയാക്കി പ്രകാശം കടത്തിവിട്ടപ്പോൾ 6 മുനകൾ ഉള്ള നക്ഷത്രം പോലെ മിന്നിതിളങ്ങുവാൻ തുടങ്ങി. പ്രാരംഭത്തിൽ വിലയില്ലാത്ത ഒന്നായി തോന്നിയിരുന്നെങ്കിലും പിന്നീട് അതിന്റെ രൂപത്തിലും ഘടനയിലും ഉള്ള രമണീയത അതിന്റെ വില വർദ്ധിപ്പിച്ചു.

വീണ്ടും ഒരു ക്രിസ്ത്യാനിയെ ഇത്തരം മുത്തുമായി താരതമ്യം ചെയ്യുമ്പോൾ, ക്രിസ്തുവിന്റെ വെളിച്ചമാണ് ഒരു വ്യക്തിയുടെ വില വർദ്ധിപ്പിക്കുന്നത്. ഒരാളുടെ വ്യക്തിത്വത്തെ ശോഭയുള്ളതാക്കി മാറ്റുന്നത് ക്രിസ്തുവിന്റെ സ്വഭാവം അയാളിലേക്കു കടക്കുമ്പോഴാണ്. ക്രിസ്തുവിനാൽ പ്രകാശിതനാകുന്ന ഒരാളുടെ ബുദ്ധിയും വിവേകവും അയാളെ വിലമതിക്കത്തക്കതാക്കി മാറ്റുന്നു. അപ്പൊസ്തലനായിരുന്ന പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക. "ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത

ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസിന്റെ പരി ജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശി ച്ചിരിക്കുന്നു" (2 കൊരിന്ത്യർ 4:6-7).

ദൈവം പണ്ട് യിസ്രായേൽ ജനത്തോട് പറഞ്ഞു: നിങ്ങൾ എന്റെ ശബ്ദം കേട്ട് എന്റെ ചട്ടങ്ങളേയും പ്രമാണങ്ങളേയും അനുസരിച്ച് നടന്നാൽ നിങ്ങൾ ഭൂമിയിലെ സകല ജാതികളിൽ നിന്നും പ്രത്യേക തയുള്ളവരായിരിക്കും." വാസ്തവമായും ഇന്നു കർത്താവിന്റെ സഭ യിലായി തീരുന്നവർ മറ്റുള്ളവരേക്കാൾ മാന്യവും ശ്രേഷ്ഠവുമായ മുത്തുകളായി എണ്ണപ്പെടും.

## *വഴിയിൽ വീണുപോകരുത്*

### W.A. *ഫോളെ*

യേശുക്രിസ്തുവിൽ വിശ്വസിച്ച്, വചനപ്രകാരം മാനസാന്തരപ്പെട്ട് ക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞ് പാപമോചനത്തിനായി ക്രിസ്തുവിന്റെ നാമത്തിൽ മുങ്ങൽസ്നാനം ഏല്ക്കുന്നവരെ അവൻ രക്ഷിക്കയും അവന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു (പ്രവൃത്തി 2:36-47; വെളിപ്പാട് 2:10). അങ്ങനെ അനുസരിക്കുന്നവർ അന്യന്മാരും പരദേശികളും അല്ല, ദൈവത്തോടു സംബന്ധമുള്ള വരും സഹപൗരന്മാരും ദൈവത്തിന്റെ ഭവനവുമായി തീരുന്നു (എഫെസ്യർ 2:19; ഫിലിപ്പിയർ 3:20).

ക്രിസ്തീയ സ്നേഹിതരേ, നിങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള വഴി യിൽ സഞ്ചരിക്കുകയാണ്. വഴിയിൽ ശങ്ക അരുത്. ലക്ഷ്യം തെറ്റി പ്പോകാൻ ഇടയുണ്ട്. ദൈവത്തിൽ ഉള്ള വിശ്വസ്തത കാത്തുകൊ ള്ളുന്നവരെ ദൈവം സൂക്ഷിക്കും (2 തിമൊഥെയോസ് 1:12). ഒരി ക്കൽ കൃപയിലായാൽ പിന്നെ അതു നഷ്ടമാകയില്ല എന്ന ധാരണ ചിലർക്ക് ഉണ്ട്. നഷ്ടപ്പെടുന്നതാണ് കൃപയെന്ന കാര്യം ഓർമ്മിപ്പി ക്കുന്നു. ഈ ലോകത്തെ സ്നേഹിച്ച് ദൈവ കൃപ വിട്ടുപോയവരെ വചനം എടുത്തു കാണിക്കുന്നു (1 തിമൊഥെയോസ് 1:19, 20). ദൈവ രാജ്യം പാപികൾക്കുള്ളതല്ല. ജഡികജീവിതം നയിച്ച് ആത്മാവിനെ

തള്ളിക്കളയുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല.

ഭിന്നത ഇന്നു നിലനില്ക്കുന്ന ഒന്നാണല്ലോ. ക്രിസ്ത്യാനിത്വം നുറുങ്ങുകളായി അറിയപ്പെടുന്നു. ദൈവം വെറുക്കുന്ന ഒന്നാണ് ഭിന്നത. എന്നിട്ടും ആളുകൾ ഛിന്നഭിന്നമായി കഴിയുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എല്ലാവരും യോജിക്കണം. ക്രിസ്തുവിന്റെ പ്രാർത്ഥനയും അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങളും അതിനു വേണ്ടിയായിരുന്നു. അന്യോന്യം തമ്മിലടിച്ച് കലഹിച്ച് ലക്ഷ്യം നഷ്ട പ്പെടുത്തരുത്.

ഭയം, സംശയം, ജീവിതത്തിലെ അനിശ്ചിതത്വം എന്നിവയാൽ ജീവിതക്കടലിൽ നിങ്ങൾ മുങ്ങിപ്പോകരുത്. ആത്മാവെന്ന നങ്കൂരം ഇട്ട് ഉറപ്പിക്കണം. പ്രത്യാശ നൽകുമെന്ന വാഗ്ദാനം ഉറപ്പുള്ളതാക്കണം. അവിശ്വസിക്കരുത്; സംശയിക്കയുമരുത്. അവസാനത്തോളം സഹിച്ചും ഉറച്ചും നിൽക്കണം. ന്യായവിധി നാളിൽ ദൈവ മുൻപാകെ നില്പാൻ നമുക്ക് ധൈര്യമുണ്ടാകണം. നിയന്ത്രിക്കാനാവാത്ത നാവും, കോപവും നിമിത്തം പലരും വിഷമിക്കുന്നുണ്ട്. ലക്ഷ്യം തെറ്റിക്കുന്നവയാണ് ഇവ എന്ന് നാം ഓർമ്മിക്കണം. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. നാവിനെ സൂക്ഷിച്ച് ഉപയോഗിക്കുക, അസൂയയും സഹോദരപ്രീതിയില്ലായ്മയും നമ്മിൽ ഉണ്ടാകരുത്. അതു നമ്മെ ആത്മീയമായി നശിപ്പിക്കും, വഴി തെറ്റിച്ചു കളയും. ഇവയെല്ലാം പിശാചിന്റെ ആയുധങ്ങളാണ്. ഇവയെല്ലാം വലിച്ചെറിഞ്ഞ് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുവേണം നാം പോരാടുവാൻ. നമ്മുടെ മാർഗ്ഗമദ്ധ്യേ യാതൊരുവിധ തടസ്സവും ഉണ്ടാക്കാതെ നാം നമ്മെത്തന്നെ സൂക്ഷിക്കുക.

ക്രിസ്ത്യാനികൾ എന്ന പേരു പറഞ്ഞുകേൾക്കുമ്പോൾ അതിൽ നാമധേയവിഭാഗങ്ങളെ എല്ലാം ഉൾപ്പെടുത്തുന്ന ഒരു പ്രവണത കാണപ്പെടുന്നുണ്ട്. ഇത് ശരിയായിരിക്കയില്ല. കാരണം ആരാണ് ക്രിസ്ത്യാനി എന്ന് നിർവ്വചിക്കുമ്പോൾ, വചനപ്രകാരം അവനെ അനുഗമിക്കുന്നവരാണ് ക്രിസ്ത്യാനികളെന്നു തെളിയും. വ്യാജഡിഗ്രിയിൽ അറിയപ്പെടുന്നവരെപ്പോലെ യഥാർത്ഥ യോഗ്യതകൾ ഇല്ലാത്തവരെ അഥവാ ക്രിസ്ത്യാനികൾ അല്ലാത്തവരെ പേരിൽ മാത്രം അറിയപ്പെട്ടാൽ അവർ വ്യാജന്മാർ എന്നേ പറയാൻ പറ്റൂ. പക്ഷെ ചിലർക്ക് ഇത് കേൾക്കുമ്പോൾ ദേഷ്യം തോന്നാം. പക്ഷെ

പരമാർത്ഥം പറയാതെ വയ്യല്ലൊ. പുതിയ നിയമത്തിൽ ക്രിസ്തു പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പൂർത്തിയാക്കിയവർ മാത്രമാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. ഇത് പരിശോധിക്കാവുന്നതാണ്. ക്രിസ്തുവാണ് നമ്മെ രക്ഷിക്കുന്നത്; അവനാണ് നമ്മെ സഭയോട് ചേർക്കുന്നത്. അപ്പോൾ അവന്റെ നാമം മാത്രം എടുത്താൽ എങ്ങനെ ന്യായീകരിക്കാം?

അല്പജ്ഞാനം അപകടം വരുത്തിവെക്കും. ചില തത്വങ്ങൾ സ്വീകരിക്കയും മറ്റുള്ളവ തീർത്തും അവഗണിക്കുകയും ചെയ്യുന്നവർ ക്രിസ്തുവിന്റെ പേരിൽ അറിയപ്പെട്ടാലും അത് അന്യായം തന്നെ. ദുരുപദേശത്തിന്റെ ചുഴിയിൽ പെട്ട് കലക്കത്തിലായിരിക്കുന്ന നമ്മുടെ സ്നേഹിതന്മാരോട് നമുക്കു പറയുവാനുള്ളത് അവർ സത്യത്തെ സ്നേഹിക്കയും അനുസരിക്കയും വേണം എന്നതാണ്. ക്രിസ്തുവിന്റെ സഭ എന്നത് ഒരു പുതിയ സഭയല്ല, നാമധേയവിഭാഗവുമല്ല എന്ന തിരിച്ചറിവിലേക്ക് അവർ വരണം. തിരുവെഴുത്തുകളെ അവർ പരിശോധിക്കുവാനും നല്ലതു മുറുകെ പിടിക്കുവാനും അവർ മനസ്സു കാണിക്കണം. ലളിതമായ കർത്താവിന്റെ കല്പനകൾ പൂർണ്ണമായി വിശ്വസിക്കയും പൂർണ്ണമായി അനുസരിക്കുകയും ചെയ്യുക. ഇതിനപ്പുറമായ ഘനമേറിയ കാര്യങ്ങൾ ഒന്നും ദൈവം പറയുന്നില്ല. പക്ഷെ അതു സ്വീകരിക്കുവാൻ എല്ലാവർക്കും താഴ്മയാണ് വേണ്ടത്. ഇന്നത്തെ മനുഷ്യർക്കു ക്രിസ്ത്യാനിത്വം തടസ്സമാണെങ്കിൽ അതു നാമധേയ വിഭാഗങ്ങൾ ആയിരിക്കും. കർത്താവിനും അവന്റെ ഉപദേശങ്ങൾക്കും ഇടർച്ചയായി നില്ക്കുന്നതും ഈ കൂട്ടങ്ങൾ തന്നെ.

സത്യത്തെ അസത്യമായി കാണുകയും അസത്യത്തെ സത്യമായി മുറുകെ പിടിച്ചിരിക്കയും ചെയ്തിരിക്കുന്നവരാണ് മതവിഭാഗങ്ങളെല്ലാം. അവർക്കിടയിൽ ആത്മാർത്ഥത സമുദായത്തോടു കാണാം. പക്ഷെ ദൈവത്തോടില്ല എന്നത് അവശ്യമായി തുറന്നു സംസാരിക്കുമ്പോൾ അറിയണം. വിവരവും വിദ്യാഭ്യാസവുമുള്ള എത്രയോ പേർ ഉൾക്കൊള്ളുന്ന അവരെല്ലാം തെറ്റിലാണെന്നു സമ്മതിക്കാൻ പ്രയാസപ്പെടുന്നവരുണ്ട്. ലൗകികമായ അറിവും വിവരവും ആത്മീയ കാര്യങ്ങളിൽ അവർ ഉപയോഗിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ദൈവിക കാര്യങ്ങളെ ഗ്രഹിക്കണമെന്ന ഉദ്ദേശത്തോടെ അവർ മുന്നോട്ടുവരുന്നില്ല. ക്രിസ്ത്യാനികളായി തീർന്നശേഷം പല

കാരണങ്ങൾ കൊണ്ടു നാമധേയ വിഭാഗങ്ങളിലേക്കു നാണം കെട്ടു പോകുന്നവരുണ്ട്. അവർ തങ്ങളെക്കുറിച്ചോ, കർത്താവിന്റെ പരിശുദ്ധമായ രക്തത്തെ കുറിച്ചോ വിവേചിക്കുന്നില്ല. ഭൗതികമായ കാര്യസാധ്യത്തിനുവേണ്ടിയാണ് അവർ അങ്ങനെ ചെയ്യുന്നത്. അവർ തങ്ങളുടെ തിരിച്ചറിയാവുന്ന തെളിവുപോലും നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

എവിടെയായിരുന്നാലും ദൈവം അത് അംഗീകരിക്കും എന്ന തോന്നലുകൾ ഉണ്ട്. അത് ശരിയല്ല. ആയിരിക്കുന്ന വിഭാഗങ്ങളിൽ വിശ്വസ്തരായി ജീവിച്ചാൽ മതിയെന്ന സ്വയവാദത്തിൽ ഊന്നിനില്ക്കുവാൻ അവർ ശ്രമിക്കുകയാണ്. അങ്ങനെയാണെങ്കിൽ യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിക്കാൻ പറയേണ്ട കാര്യമില്ലായിരുന്നല്ലോ. കർത്താവിന്റെ കല്പനകൾ പ്രമാണിക്കേണം എന്നും അത് മറ്റുള്ളവരെ പഠിപ്പിക്കണമെന്നും പറയേണ്ട ആവശ്യം ഇല്ലായിരുന്നല്ലോ. മുട്ടുന്യായങ്ങൾ നിരത്തി അവരവരെ ന്യായീകരിക്കുന്നതു അവസാനിപ്പിക്കണം. എന്തായാലും തെറ്റുപറ്റി. ഇനി അതു തിരുത്തി ജീവിക്കാം എന്നു തീരുമാനിക്കണം. താല്ക്കാലിക നേട്ടത്തേക്കാൾ നിത്യമായ നേട്ടത്തെ കണക്കിലെടുക്കണം. താല്ക്കാലിക കഷ്ടങ്ങൾ ഏറ്റെടുത്ത് നിത്യ ശിക്ഷാവിധി ഒഴിവാക്കണം. ദൈവം നമ്മെ സ്വീകരിക്കേണ്ടതിന് എന്താണ് ചെയ്യേണ്ടത് എന്ന് തിരിച്ചറിയുക. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് പാപമോചനത്തിനായി ഓരോരുത്തർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുക. അതാണ് ശിഷ്യത്വത്തിനുള്ള കർത്താവിന്റെ നിബന്ധന. അത് അങ്ങനെതന്നെ കൈക്കൊണ്ടു കഴിയുമ്പോൾ അവൻ നിങ്ങളെ അവന്റെ സഭയോടു ചേർത്തുകൊള്ളും. അങ്ങനെ ആ ഏക സഭയിൽ നിങ്ങൾ വിശ്വാസത്തോടെ, അനുസരണത്തോടെ അവസാനം വരെ ജീവിച്ചാൽ ഫലം നിത്യ ജീവനായിരിക്കും. അത് ദൈവത്തോടു കൂടെയുമായിരിക്കും. അല്ലെങ്കിൽ ഫലം നിത്യനരകമായിരിക്കും. അത് പിശാചിനോടു കൂടെയായിരിക്കും. ഏതു വേണമെങ്കിലും നിങ്ങൾക്കു തെരഞ്ഞെടുക്കാം.

✱

# പാപമോചനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

## വിൽഫ്രെഡ് ക്ലാർക്ക്

പുതിയനിയമത്തിൽ ഈ പദസമുച്ചയം പത്തു സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായി നിങ്ങൾക്കു കാണാം. പ്രധാനപ്പെട്ട മറ്റു പല വിഷയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണിത്. പ്രാമുഖ്യമേറിയ ഈ വിഷയത്തെ കൂടുതലായി ഗ്രഹിക്കുവാൻ കൂടുതൽ സമയമെടുത്തു ചിന്തിക്കേണ്ടതും പഠിക്കേണ്ടതും ഉണ്ട്. ഒരു കാര്യത്തെ സൂക്ഷ്മമായി പരിശോധിക്കുകയും അതുപോലുള്ള മറ്റു കാര്യങ്ങൾ സാദൃശ്യപ്പെടുത്തി അതിൽനിന്നു നമുക്ക് നല്ല ഗുണപാഠങ്ങൾ പഠിക്കുവാൻ കഴിയും എന്നോർക്കണം. ഏതുപോലെ എന്നാൽ ഒരാളുടെ സഹവർത്തിത്വം ആരുമായിട്ടാണോ അയാളുടെ കൂട്ടുകെട്ടിൽ നിന്നു പലതും പഠിക്കാൻ സാധിക്കും.

മോചനം എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥവും ചിത്രവും നമ്മുടെ മനസ്സിൽ ആദ്യമായി പതിയേണ്ടത് അനിവാര്യമാണ്. "പിരിച്ചുവിടൽ," "തുറന്നുവിടൽ," "പാപമോചനം" എന്നിങ്ങനെ ഇതിനെ നിർവ്വചിക്കാവുന്നതാണ്. തടവിൽ നിന്നു ഒരാളെ വിട്ടയക്കുന്നതു പോലെ എന്നു പറയാം. പാപത്തിന്റെ തടവറയിൽ നിന്നുള്ള വിടുതൽ ആണിത്. അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. ശിക്ഷ ഒഴിവാക്കൽ ആണ് വാസ്തവത്തിൽ ഇവിടെ നടക്കുന്നത്. കൊടുത്തു തീർക്കേണ്ട പിഴ ഒഴിവായി കിട്ടുന്നു എന്നർത്ഥം. പാപവുമായ ബന്ധത്തിൽ നിന്നും പൂർണ്ണമായ ഒരു പിരിച്ചുവിടൽ നടക്കുകയാണ് ഇതിൽ. ക്ഷമാപണം നടത്തുവാനുള്ള അധികാരം ദൈവത്തിനാണ്. അല്ലാതെ മനുഷ്യർക്ക് ആർക്കും അല്ല.

### 1. മോചനവുമായി ബന്ധപ്പെട്ടതാണ് ക്രിസ്തുവിന്റെ ക്രൂശ്

തന്റെ ശിഷ്യന്മാരുമായി യേശു സംഭാഷണം നടത്തുന്ന സന്ദർഭമായിരുന്നു അത്. അന്ന് അവൻ കർത്തൃമേശ സ്ഥാപിച്ചുകൊടുത്ത

ദിവസവുമായിരുന്നു. അപ്പോൾ അവൻ പറയുന്നു: "ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:28). യേശുവിന്റെ മനസ്സിൽ അപ്പോൾ ക്രൂശിലെ മരണമായിരുന്നു ഉണ്ടായിരുന്നത് എന്ന് ആരും നിഷേധിക്കയില്ല. താൻ മരിക്കുന്നതിന് തലേ ദിവസമാണ് ഇങ്ങനെ പ്രതിവചിക്കുന്നത്. ക്രൂശിൽ മരിക്കുമ്പോൾ ചിന്തുവാനിരിക്കുന്ന രക്തത്തെ മുൻകൂട്ടി അറിയിച്ചിരിക്കയാണ്. ആ രക്തത്തിന്റെ ആവശ്യകത പൗലൊസ് പിന്നീട് പ്രസ്താവിച്ചിരിക്കുന്നു. "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെ കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി" (കൊലൊസ്യർ 1:20). ക്രൂശും രക്തവുമായി ബന്ധപ്പെട്ടു കിടക്കുന്നതുപോലെ, രക്തവും പാപമോചനവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അനേകർക്കുവേണ്ടി ചിന്തപ്പെട്ട രക്തമാണ് എന്നു കർത്താവു തന്നെ പ്രവചിച്ചിട്ടുണ്ടല്ലൊ.

രക്തം കൂടാതെ വിമോചനം അസാദ്ധ്യമാണെന്നു എബ്രായ ലേഖകൻ രേഖപ്പെടുത്തിയിട്ടുണ്ട്. "ന്യായപ്രമാണ പ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രായർ 9:12). ക്രൂശിലെ രക്തം പാപമോചനത്തിനു ഒഴിച്ചുകൂടാത്ത ഘടകമായി തീർന്നു എന്നു പറയാം. യേശു ക്രൂശിൽ ചൊരിഞ്ഞ രക്തത്തെ മാറ്റി നിർത്തിയാൽ പാപമോചനമില്ല എന്നു തീർച്ചയാക്കാം. കാരണം ദൈവപദ്ധതിയിൽ ഈ രക്തമാണ് സകല പാപങ്ങൾക്കും പ്രായശ്ചിത്തമായി തീർന്നത്. പൗലൊസ് ഇതു മനസ്സിലാക്കിയതുകൊണ്ട് പ്രസ്താവിച്ചതു ശ്രദ്ധിക്കുക. "അവനിൽ (ക്രിസ്തുവിൽ) പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്" (കൊലൊസ്യർ 1:14). ജീവനുള്ള രക്തമാണ് യേശുവിന്റെ ശരീരത്തിലൂടെ ഒഴുകിയത്. ആ രക്തത്തിന്റെ വിലയെക്കുറിച്ച് പത്രൊസ് വിവരിക്കുന്നുണ്ട്. "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തുവെന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ

കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ" (1 പത്രൊസ് 1:18, 19). പാപമോചനത്തിന്റെ വില അത്രമാത്രം വലുതായിരുന്നു.

## *2. മോചനത്തിനു പുതിയ നിയമം ബന്ധപ്പെട്ടിരിക്കുന്നു*

യേശു പ്രസ്താവിച്ച വാക്കുകളെ മത്തായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയോടെ വായിച്ചാൽ പാപമോചനവും പുതിയ നിയമവും തമ്മിൽ എങ്ങനെ സംയോജിപ്പിച്ചിരിക്കുന്നു എന്നു കാണാം. പുതിയ നിയമത്തിന്റെ ഉദ്ദേശം തന്നെ അത് വെളിപ്പെടുത്തുന്നുണ്ട്. ഞാൻ മുൻപു സൂചിപ്പിച്ച വാക്യം നോക്കിയാൽ അനേകർക്കു വേണ്ടി ചൊരിയുവാനുള്ള പുതിയ നിയമ രക്തമാണ് അത് എന്നു വ്യക്തമാകും. പുതിയ നിയമം (പ്രാബല്യത്തിൽ) വരുവാൻ യേശുവിന്റെ മരണം ആവശ്യമായി വന്നു. യേശുവിന്റെ രക്തത്തെക്കുറിച്ച് എബ്രായ ലേഖകൻ വിവരിച്ചിരിക്കുന്നത് നിത്യനിയമത്തിന്റെ രക്തമായിട്ടാണ്. കൊരിന്ത്യർക്കു ലേഖനമെഴുതുമ്പോൾ പൗലൊസ് അവരെ ഓർമ്മിപ്പിക്കുന്നത് കർത്താവ് കല്പിച്ച വ്യവസ്ഥകളാണ്. പുതിയ നിയമത്തെ ഉറപ്പിച്ച രക്തം പാപമോചനത്തിനുവേണ്ടിയാണ് ഇന്നും നിലകൊള്ളുന്നത്. പുതിയ നിയമത്തിന്റെ ഉടയവനായ കർത്താവിന്റെ രക്തം സകല മനുഷ്യർക്കും പാപപരിഹാരം നല്കുവാൻ പര്യാപ്തമാണ്. അത് പ്രയോജനപ്പെടുത്തുവാൻ തയ്യാറാകുന്നവർക്കു ലഭ്യവുമാണ്. പാപത്തിന്റെ ശിക്ഷയാണല്ലോ മരണം; അതു നീങ്ങിപോകുവാൻ ക്രിസ്തു മരിച്ചു. അതുമായി ബന്ധപ്പെട്ടു കിടക്കുന്ന പാപമോചനം എത്ര പേർക്ക് അനുഭവിക്കാൻ കഴിയുന്നുണ്ട്? നിങ്ങൾ അവന്റെ രക്തവുമായി ബന്ധപ്പെട്ടാൽ നിങ്ങൾക്കും ലഭിക്കും.

## *3. മോചനത്തിനു നിബന്ധനകൾ ഉണ്ട്*

നിബന്ധനകൾ ഇല്ലെങ്കിൽ പോലും അതു മനുഷ്യനാൽ ഉണ്ടാക്കുന്നത് അനുചിതം തന്നെ. ദൈവത്താൽ അവ നല്കപ്പെട്ടിരിക്കുമ്പോൾ അവയെ കണ്ടില്ലെന്നു നടിക്കുന്നത് ധിക്കാരം തന്നെ. അപ്പൊസ്തലന്മാരോട് യേശു പറഞ്ഞ പ്രസ്താവനയും നാം കണക്കിലെടുക്കണം. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ

അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു (യോഹന്നാൻ 20:23). മറ്റൊരു ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കാം. "ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലൊ (ലൂക്കൊസ് 24:46-47).

ആകയാൽ അപ്പൊസ്തലന്മാർ, പാപങ്ങൾ മോചിച്ചു കൊടുക്കേണ്ടിയിരുന്നു. മാത്രമല്ല, പാപമോചനവും മാനസാന്തരവും അവർ പ്രസംഗിക്കയും വേണമായിരുന്നു. അതു യെരുശലേമിൽ തുടങ്ങുകയും ചെയ്യണമായിരുന്നു.

## ദൈവ കോപം

### ജോണി രാംസെ

വരുവാനുള്ള മശിഹയെ മനോഹരമായി കാവ്യാത്മകമായി അവതരിപ്പിച്ച യെശയ്യാവ്, പാപത്തിന്റെ ശമ്പളത്തേയും നാടകീയമായി ചിത്രീകരിച്ചിട്ടുണ്ട്. അവന്റെ മുന്നറിയിപ്പിന്റെ വാക്കുകൾ ദൈവത്തിന്റെ കോപം നിറച്ച പാനപാത്രത്തിൽ തന്റെ പേന മുക്കി എഴുതിയതായി തോന്നും. "പാപത്തോടു പാപം കൂട്ടുവാൻ തക്കവണ്ണം എന്നെക്കൂടാതെ ആലോചന കഴിക്കയും എന്റെ ആത്മാവിനെ കൂടാതെ സഖ്യത ചെയ്കയും ഫറവോന്റെ സംരക്ഷണയിൽ തങ്ങളെത്തന്നെ സംരക്ഷിക്കേണ്ടതിനും മിസ്രയീമിന്റെ നിലയിൽ ശരണം പ്രാപിക്കേണ്ടതിനും എന്റെ അരുളപ്പാട് ചോദിക്കാതെ മിസ്രയീമിലേക്കു പോകയും ചെയ്യുന്ന മത്സരമുള്ള മക്കൾക്ക് അയ്യോ കഷ്ടം എന്ന് യഹോവ അരുളിച്ചെയ്യുന്നു" (യെശയ്യാവ് 30:1-2). കർത്താവിന്റെ ശത്രുക്കൾക്കു നേരിടുന്ന അവസാനിക്കാത്ത യാതന വെളിപ്പെടുത്തിയിരിക്കുന്നതു ഇതിനോടു ഒക്കുന്നു. രാജാവിന്റെ ബിംബത്തെ നമസ്കരിച്ച് മുദ്രയേൽക്കുന്നവർക്ക് എന്തു സംഭവി

ക്കുമെന്ന് വെളിപ്പാടിൽ പറയുന്നു. "അവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നേക്കും പൊങ്ങും; രാവും പകലും അവർക്ക് ഒരു സ്വസ്ഥതയും ലഭിക്കയില്ല" (വെളിപാട് 14:10-11).

ഒരു ചുഴലിക്കാറ്റു വന്നാൽ, പേമാരി വന്നാൽ, ഭൂമി കുലുക്കം ഉണ്ടായാൽ ഭയപ്പെടുന്നവർ ധാരാളമുണ്ട്. പക്ഷെ ദൈവത്തെ അനുസരിക്കാതിരിക്കുന്നതിനോ, പാപം ചെയ്യുന്ന അവസരത്തിലോ അവർക്ക് യാതൊരു ഭയവുമില്ല. സത്യം അനുസരിച്ചിരിക്കുന്നവർക്കിടയിലും ചിലർ ഭയപ്പെടുന്നുണ്ട്; പ്രകൃതി ക്ഷോഭത്തിലും അപകടങ്ങളിലും എല്ലാം. പക്ഷെ ആരാധന മുടക്കുന്നതിലോ സുവിശേഷം അറിയിക്കാത്തതിലോ തെറ്റു ചെയ്യുന്നതിലോ അവർക്ക് വലിയ ഭയപ്പാട് ഒന്നും കാണാനില്ല. നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത് എത്രപേർക്ക് മനസ്സിലാകുന്നുണ്ട്? "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹത്തെയും ദേഹിയെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൻ" (മത്തായി 10:28). തിരുവെഴുത്തിലെ പരമപ്രധാനമായ ഇത്തരം ഭാഗങ്ങൾ പ്രസംഗിക്കുന്നവർ ചിലപ്പോൾ വിട്ടുകളയാറുണ്ട്. അനുസരണമില്ലാത്തവരെയാണ് നിത്യ നരകത്തിലേക്ക് അവസാനം തള്ളിയിടുന്നത്. ദൈവത്തെ അനുസരിക്കുന്നതിനേക്കാൾ പിശാചിനെ അനുസരിക്കുന്നതിനാണ് ആളുകൾക്ക് താല്പര്യം. പക്ഷെ അവസാനം കിട്ടുവാനിരിക്കുന്ന ശിക്ഷയാണ് മാരകമായുള്ളത്. ഇവിടെയും സമാധാനം കിട്ടുകയില്ല; വരുവാനുള്ള ലോകത്തിലും അതുണ്ടാകയില്ല.

യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകം ആകുന്നു (സദൃശവാക്യങ്ങൾ 9:10). ചീറി പായുന്ന തീവണ്ടിയെയും ഭൂചലനത്തെയും ഭയപ്പെടുന്നവർ ദൈവത്തെ ഭയപ്പെടാതിരിക്കുന്നത് ഒരുപക്ഷെ അവർക്കു ദൈവത്തിന്റെ ശക്തി അറിഞ്ഞുകൂടായിരിക്കും. സൃഷ്ടാവിന്റെ ശക്തിയുടെ അറിവ് വിവേകമുള്ളവർക്കല്ലേ മനസ്സിലാകു. സാമാന്യബോധ

മുള്ളവർ പ്രപഞ്ചത്തിലെ ഭീകരാവസ്ഥയെ ഭീതിയോടെയാണ് വിവക്ഷിക്കുന്നത്. പക്ഷെ ഈ പ്രപഞ്ചത്തെ നിലനിർത്തുന്ന നിർമ്മാതാവിന്റെ ശക്തി എത്രയോ വലുതാണെന്ന് അവർ തിരിച്ചറിയുന്നില്ല. അതിന്റെ കാരണം അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത് നമുക്ക് വായിക്കാം. "സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല; അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല എന്നിങ്ങനെ എഴുതിയിരിക്കുന്നല്ലോ" (റോമർ 3:18). പുറമെയുള്ള അവരുടെ കാഴ്ചപ്പാടിനു കുഴപ്പമില്ല. അവരുടെ അകക്കണ്ണു പ്രവർത്തിക്കുന്നില്ല.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ എങ്ങനെയാണ് വളർത്തുന്നത്? അവരെ ദൈവഭയമുള്ള പൈതങ്ങളായി വളർത്തണം. അച്ചടക്കത്തിലും ശിക്ഷണയിലും അവരെ വളർത്തിയില്ലെങ്കിൽ അവരുടെ ജീവിതം നിയന്ത്രണരഹിതമായി മാറും. അവരുടെ ദൃഷ്ടിയിൽ പിന്നീട് ദൈവഭയമേ കാണുകയില്ല. ഭദ്രമായ ഒരു ഭവനം പണിതുയർത്തുവാൻ അപ്പനും അമ്മയും തുല്യ പങ്കു വഹിക്കണം. ഒരു ഇടവകയെ വഹിച്ചുകൊണ്ടു പോകുന്ന ഉപദേഷ്ടാവ് ആളുകളെ ഭയപ്പെടരുത്. അതായത് സഭയിലെ അംഗങ്ങളെ ഭയപ്പെടാതെ ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുപിടിക്കാതെ തുറന്നു സംസാരിക്കണം. അംഗങ്ങൾ എല്ലാവരും അങ്ങനെ ദൈവഭയമുള്ളവരായി വളരണം. ദൈവകൃപ എങ്ങനെയെല്ലാം ആസ്വദിക്കാൻ കഴിയും എന്നവരെ പഠിപ്പിക്കണം. മനോഹരമായ സ്വർഗ്ഗത്തിൽ എത്തുവാൻ എല്ലാവരും പരിശീലിക്കേണ്ടതാണ്. ദൈവകോപദിവസത്തിൽ അവന്റെ മുൻപിൽ ആർക്കു നില്പാൻ കഴിയും? (വെളിപ്പാട് 6:17). ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് എത്ര ഭയങ്കരം എന്ന് എബ്രായലേഖകൻ വിവരിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ നാം എന്തിനെയാണ് കൂടുതൽ ഭയപ്പെടുന്നത്? പ്രിയരേ, കർത്താവിന്റെ ന്യായവിധി നാൾ വരുന്നു; ആ ദിവസത്തിൽ ആർക്കും അവനെ ഒഴിഞ്ഞു പോകാവുന്നതല്ല. കർത്താവിനെ ഭയപ്പെട്ട് അവന്റെ കല്പന അനുസരിച്ചാൽ വരുവാനുള്ള ദൈവകോപത്തിൽ നിന്നും നമുക്ക് മോചനമുണ്ട്. നിങ്ങൾ ദൈവവചനത്തെ സൗമ്യതയോടെ അനുസരിക്കുക.

സ്ത്രീകൾക്കു വേണ്ടി

# രക്ഷകർത്താക്കൾ എന്ന ഉത്തരവാദിത്വം

## ബെറ്റി ബി. ചോട്ട്

ആദിയിൽ ദൈവം ആദാമിനോടും ഹവ്വയോടും പറഞ്ഞു: "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞു പെരുകുവിൻ" (ഉല്പത്തി 1:28). പ്രത്യുല്പാദനശേഷി പുരുഷനും സ്ത്രീക്കും ദൈവം ആരംഭം മുതൽ കൊടുത്തത് അനുഗ്രഹമായിരുന്നു എന്ന് ഓർമ്മിക്കുക.

സങ്കീർത്തനം 127:3-5 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ നമ്മുടെ വിഷയവുമായി അതു വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം. "മക്കൾ, യഹോവ നല്കുന്ന അവകാശവും, ഉദര ഫലം, അവൻ തരുന്ന പ്രതിഫലവും ആകുന്നു. വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൗവ്വനത്തിലെ മക്കൾ. അവയെക്കൊണ്ടു തന്റെ ആവനാഴി നിറെച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ; നഗരവാതില്ക്കൽ വെച്ച് ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചു പോകയില്ല."

ശലോമോൻ സദൃശവാക്യങ്ങളിൽ ഒരിക്കലും തൃപ്തിവരാത്തവയെ കുറിച്ച് വിവരിക്കുന്നുണ്ട്. "കന്നട്ടെക്കു: തരിക, തരിക എന്ന രണ്ടു പുത്രിമാർ ഉണ്ട്. ഒരിക്കലും തൃപ്തി വരാത്തതു മൂന്നുണ്ട്, മതി എന്നു പറയാത്തതു നാലുണ്ട്. പാതാളവും, വന്ധ്യയുടെ ഗർഭപാത്രവും വെള്ളം കുടിച്ചു തൃപ്തി വരാത്ത ഭൂമിയും മതി എന്നു പറയാത്ത തീയും തന്നേ" (സദൃശവാക്യങ്ങൾ 30:15-16).

പ്രത്യുല്പാദനത്തിന്റെ ആവശ്യകതക്കു ഇന്നും മാറ്റം സംഭവിച്ചിട്ടില്ല. സ്ത്രീയുടേയും പുരുഷന്റേയും ഉള്ളിൽ, മക്കൾ ഉണ്ടാകുവാനും, അവരെ ലാളിച്ച് സന്തോഷം കൈവരിക്കാനും ഉള്ള അഭിവാഞ്ഛ ദൈവം വെച്ചിരിക്കയാണ്. യുവതീയുവാക്കൾ വിവാഹിതരായിട്ട് അവർക്ക് മക്കൾ ജനിക്കാതിരിക്കുമ്പോൾ അവർക്കു ദുഃഖമുണ്ടാകുന്നു. അവരുടെ ഹൃദയങ്ങളിൽ സന്തോഷം ഉണ്ടാകുന്നില്ല.

പിതൃത്വത്തിനും മാതൃത്വത്തിനും വേണ്ടിയുള്ള അവരുടെ ദാഹം അവരിൽ ജ്വലിച്ചുകൊണ്ടിരിക്കും. മക്കൾ ഇല്ലാത്തവർക്കറിയാം അതിന്റെ പ്രയാസം. പ്രായമായ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുമായി സംഭാഷണം നടത്തി ഉല്ലസിക്കുന്നതു മക്കളില്ലാത്ത ദമ്പതിമാർ കാണുമ്പോൾ അവരുടെ മാനസിക വ്യഥ വലിയ ഒരു ദീർഘ നിശ്വാസത്തിൽ ഒതുക്കുന്നതു കാണാം.

സംസ്ക്കാരത്തിന്റെ സമ്മർദ്ദമാണ് പലപ്പോഴും കുട്ടികൾ കൂടിയേ തീരൂ എന്നത്. സമൂഹാചാരവും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു പറയാം. മിക്കവൊറും സ്ഥലങ്ങളിൽ മക്കളില്ലാത്ത സ്ത്രീയെ ലജ്ജിക്കത്തക്ക രീതിയിലാണ് കാണപ്പെടുന്നത്. സമൂഹത്തിൽ അവൾ ഒറ്റപ്പെടുക പോലും ചെയ്യാറുണ്ട്. അവളുടെ അമ്മായമ്മയും നാത്തൂന്മാരും അവളെ ശാരീരികമായും മാനസികമായും പീഢിപ്പിക്കാറുണ്ട്. മച്ചിയായതുകൊണ്ട് അവൾ ഉപേക്ഷിക്കപ്പെടും എന്ന ഭീഷണിയെയും അവൾക്കു നേരിടേണ്ടിവരുന്നു. ഭർത്താവിന്റെ കുഴപ്പം കൊണ്ടായാലും ശരി ഒരു സ്ത്രീക്കു മക്കളില്ലാതെ വന്നാൽ അവൾ ഇത്തരം ദുഃഖകരമായ അവസ്ഥയിലായി തീരും എന്നതു വാസ്തവമാണ്.

ഇതുപോലെയുള്ള അപക്വമായ ദുരഭിമാനത്തിന്റേയും അറിവില്ലായ്മയുടേയും അനന്തരഫലം ഈ സ്ത്രീകൾക്കു ദുഃഖകരമായ ജീവിതമാണ് അനുഭവിക്കേണ്ടി വരിക. പ്രകൃതിദത്തമായ കാരണങ്ങളാലോ രോഗങ്ങളാലോ വന്ധ്യത സംഭവിച്ച ദമ്പതികളെ ദ്രോഹിക്കുന്നതിനോ ശിക്ഷിക്കുന്നതിനോ മുതിരുന്നതിനു പകരം അവർക്ക് പ്രായോഗികമാക്കാവുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് കൊടുത്ത് ഉത്തേജിപ്പിക്കുകയാണ് വേണ്ടത്. അനാഥരോ ഉപേക്ഷിക്കപ്പെട്ടവരോ ആയ കുട്ടികളെ ദത്തെടുത്തു വളർത്തുവാൻ വേണ്ട സാഹചര്യങ്ങൾ ഇവർക്ക് ഒരുക്കി കൊടുക്കണം. അവരുടെ നുറുങ്ങിയ ഹൃദയ വ്യഥക്ക് പരിഹാരം ഏകുന്ന പ്രതിവിധി ആയിരിക്കും അത്. അതല്ലാതെ അവരെ കൂടുതൽ വേദനിപ്പിക്കുന്ന ശിക്ഷാ രീതികൾ നല്കരുത്. ഇങ്ങനെയുള്ള സാമൂഹിക തിന്മയെ ഇല്ലാതാക്കാൻ സ്ത്രീകളായ നമുക്ക് ചിലതെല്ലാം പ്രവർത്തിക്കാൻ കഴിയും. ഇതൊന്നും കണ്ടില്ലെന്നു നടിച്ച് കടന്നുപോകരുത്.

വർദ്ധിച്ചു വരുന്ന ജനസംഖ്യ ലോകത്തിലെങ്ങും ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുമ്പോൾ കുട്ടികളില്ലാത്ത കുടുംബങ്ങളല്ല

പ്രശ്നം. പിന്നെയോ ധാരാളം കുട്ടികൾ ഉള്ള കുടുംബങ്ങളാണ് ഇന്നു സമൂഹത്തിൽ പ്രശ്നമായി മാറിയിരിക്കുന്നത്. അവർക്കെല്ലാം ആവശ്യമായ പ്രാഥമികമായ കാര്യങ്ങൾ പോലും ചെയ്തുകൊടുക്കാൻ മാതാപിതാക്കൾക്കു കഴിയാതെ വരുമ്പോൾ മക്കൾ അവർക്കൊരു ഭാരമായി തീരുന്നു. ഒന്നോ രണ്ടോ മക്കളെ പോറ്റി പുലർത്തുവാൻ വകയില്ലാത്തവർ അധികം മക്കളെ ജനിപ്പിച്ച് ജീവിതം ദുസ്സഹമാക്കുന്നത് എന്തിന്? സാമാന്യബോധമുള്ള സ്ത്രീകൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കയാണ്. സന്തോഷവും സമാധാനവും കുടുംബത്തിൽ നിന്നു അപ്രത്യക്ഷമാകുവാൻ ഇതും ഒരു കാരണമായി തീരുന്നില്ലേ? നിങ്ങൾക്ക് എന്തു തോന്നുന്നു?

വെറുതെ കുട്ടികളുടെ അപ്പനും അമ്മയും ആകുക എന്നതും ആ കുഞ്ഞുങ്ങൾക്ക് ആവശ്യമുള്ള ശ്രദ്ധ, കരുതൽ, പരിശീലനം എന്നിവ കൊടുക്കുന്ന മാതാപിതാക്കൾ ആകുക എന്നതും തമ്മിൽ വലിയ അന്തരമുണ്ട്. വളരെ ദുഃഖകരമായ ഒരു വസ്തുത എന്തെന്നാൽ ലക്ഷക്കണക്കിനു കുട്ടികൾ ജനിക്കുന്നത് അപ്പന്റേയും അമ്മയുടേയും വെറും ശാരീരിക ബന്ധത്താൽ മാത്രമാണ് എന്നതാണ്. അവർ കുട്ടികൾക്കായി ആസൂത്രണ ബോധമുള്ളവരോ, ആഗ്രഹിക്കുന്നവരോ ആയിട്ടല്ല. അവർ തങ്ങളെത്തന്നെ ആത്മീയ പക്വതയിലും വൈകാരികവും ധാർമ്മികവും സാമ്പത്തികവുമായ ഭദ്രതയിലും എത്തിയവരായിരിക്കയില്ല. കുട്ടികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിറവേറ്റുവാൻ അവർ പ്രാപ്തരുമല്ല. പെൺകുട്ടികൾ മാത്രമുള്ളവർക്ക് ഒരു ആൺകുട്ടി വേണമെന്നു ചിന്തിക്കും. പക്ഷേ അവരെ വളർത്തുന്ന വിവിധ ഘടകങ്ങളെ കുറിച്ച് ഈ മാതാപിതാക്കൾ അജ്ഞരായിരിക്കുന്നതുകൊണ്ട് മാതാപിതാക്കളും അവരുടെ കുട്ടികളും മാനസികമായും വൈകാരികമായും വളരെ ക്ലേശിക്കാൻ കാരണമായി തീരുന്നു. അതുകൊണ്ട് കുട്ടി ലോകത്തിലേക്കു പിറന്നു വീണാൽ പിന്നീടുള്ള കാര്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കാൻ പക്വതയുള്ള രക്ഷകർത്താക്കളാണ് നമുക്ക് ആവശ്യം.

"സ്വന്ത കുടുംബത്തിനുവേണ്ടി കരുതാത്തവൻ, തനിക്കുള്ളവർക്കുവേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു"(1 തിമൊ. 5:8).

★

# സമൃദ്ധമായ ജീവിതം

## ജോൺ വാക്കർ

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ പ്രവേശിക്കുന്നില്ല" (യോഹന്നാൻ 14:6), "മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിക്കുക എന്നതാണ് ഒരു മനുഷ്യനെ പ്രയോജനകരമാക്കി മാറ്റുന്നത് എന്നു പറയാം. ദൈവ ശുശ്രൂഷയെക്കാൾ പ്രതിഫലം ലഭിക്കുന്ന മറ്റൊരു സ്ഥാനവും ഇല്ല. കൊരിന്തിലുള്ള സഹോദരന്മാരെ പ്രബോധിപ്പിക്കുന്നതിനിടെ അപ്പൊസ്തലനായ പൗലൊസ് ഇതിനെ കാര്യകാരണസഹിതം വിവേചിച്ച് കൊടുക്കുന്നുണ്ട്. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" (1 കൊരിന്ത്യർ 15:58).

നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല ദൈവം പ്രവർത്തിക്കുന്നത്. വാസ്തവമായും ക്രിസ്തീയ ജീവിതം മഹത്വകരമായ ഒന്നാണ്. സമൃദ്ധമായ ജീവിതം പ്രദാനം ചെയ്യുന്നതു ദൈവമാണ്. അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് നമുക്കു വായിക്കാം. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ, തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ" (എഫെസ്യർ 3:20). ദൈവശക്തിയുടെ ആഴവും ഉയരവും നീളവും വീതിയും ആർക്കും വിവരിക്കാൻ കഴിയുന്നതല്ല. ഒരു യഥാർത്ഥ ദൈവ പൈതലിനെ ദൈവം എങ്ങനെ പരിപാലിക്കും എന്നതു ദൈവം നമുക്കു തന്റെ പ്രവൃത്തിയിലൂടെ കാണിച്ചു തരും. ചുരുക്കി പറഞ്ഞാൽ ദൈവത്തിന്റെ പ്രവൃത്തി മനസ്സിലാക്കാൻ നമ്മുടെ ബുദ്ധി അപര്യാപ്തമാണ്.

✶

# വാർത്തകൾ

Healing Hands International an USA based NGO supported by the Churches of Christ Worldwide, had sent gifts collected by the children in USA for the orphan children to India in the month of April 08.

These gift boxes were distributed to the following states, with the support of the respective District collector's knowledge.

***ANDHRA, ORISSA AND TAMILNADU***

| | |
|---|---|
| 1. Orphanage run by the Churches of Christ | 6 |
| 2. Other Orphanages | 1 |
| 3. Chennai Maternity Govt. Hospital for HIV Children. | 1 |

*Churches of Christ Worldwide*

## ബോംബ് ഭീഷണി

ബോംബ് ഭീഷണിയെത്തുടർന്നു സംസ്ഥാനത്തു പുലർത്തുന്ന ജാഗ്രത ഇതേ രീതിയിൽ രണ്ടുദിവസം കൂടി തുടരാൻ ഉന്നതതല യോഗം തീരുമാനിച്ചു. ഏതു സാഹചര്യവും നേരിടാൻ കേരള പോലീസ് സന്നദ്ധമാണെന്നു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ യോഗത്തിനു ശേഷം അറിയിച്ചു.

## ഫോണിൽ ബോംബ്, വധഭീഷണി: പതിനാറുകാരൻ കസ്റ്റഡിയിൽ

ബാംഗ്ലൂർ സ്ഫോടനം നടന്ന 25ന് തിരുവനന്തപുരത്തെ ഫ്രീലാൻസ് ഫോട്ടോഗ്രാഫറെ മൊബൈൽ ഫോണിൽ വിളിച്ച് ബോംബ് ഭീഷണിയും വധഭീഷണിയും നടത്തിയെന്നു സംശ

യിക്കുന്ന പതിനാറുകാരനെ കോഴിക്കോട് പോലീസ് കസ്റ്റഡി യിലെടുത്തു.

✱

## ജയിലിൽ നിന്ന് ആൽഫിൻ മോചിതൻ; അമ്മയുടെ വാൽസല്യങ്ങളിൽ നിന്നും

ഇവിടെ വനിതാജയിലിലെ കരിങ്കൽ മതിൽക്കെട്ടിനുള്ളിൽ കാരിരുമ്പഴിക്കകത്ത് അമ്മയോടൊപ്പം കഴിഞ്ഞിരുന്ന നാലര വയസ്സുകാരൻ ഇന്നലെ സ്വതന്ത്രനായി.

ജീവപര്യന്തം ശിക്ഷിക്കപ്പെട്ട ചേർത്തല സ്വദേശി സീനയുടെ മകൻ ആൽഫിനാണു പുറം ലോകത്തെത്തിയത്. രണ്ടു മാസം മുൻപ് അച്ഛൻ മരിച്ച ആൽഫിന് ഇനി ആശ്രയവും ആശ്വാസവും കോട്ടയം പാമ്പാടി ആശ്വാസ ഭവനമാണ്. ആശ്വാസ ഭവൻ ഡയറക്ടർ ജോസഫ് മാത്യുവും ഭാര്യ അനീനയും ഇവിടെയെത്തി ജയിൽ അധികൃതരിൽ നിന്ന് ആൽഫിനെ ഏറ്റുവാങ്ങി പാമ്പാടിയിലേക്കു കൊണ്ടുപോയി.

✱

## ഓണം
## ടൂറിസം വാരം
## ഘോഷയാത്ര 16ന്

ഓണം, ടൂറിസം വാരാഘോഷത്തോടനുബന്ധിച്ചുള്ള ഘോഷയാത്ര 16നു നടക്കും. 10 മുതൽ 16 വരെയാണ് ആഘോഷം. 10 നു വൈകുന്നേരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് ഉദ്ഘാടനം.

✱

## കേരളത്തിലും ഇൻഫോസിസ് ഒന്നാം സ്ഥാനത്ത്

ഇൻഫോസിസ് കേരളത്തിന്റെ ഏറ്റവും പ്രമുഖ സോഫ്റ്റ് വെയർ കയറ്റുമതി കമ്പനി. കഴിഞ്ഞ സാമ്പത്തിക വർഷം ടെക്നോപാർക്കിൽ നിന്ന് 248 കോടിയുടെ സോഫ്റ്റ്‌വെയർ കയറ്റുമതി നടത്തിയതോടെയാണ് ഒന്നാം സ്ഥാനത്തെത്തിയതെന്ന് ഇൻഫോസിസ് മനുഷ്യവിഭവശേഷി ഡയറക്ടർ ടി.വി. മോഹൻദാസ് പൈ അറിയിച്ചു. ഐടിയിൽ കേരളത്തിന്റെ ആകെ കയറ്റുമതിയുടെ 20%. ഇക്കൊല്ലം ഇൻഫോസിസ് കേരളത്തിലെ കോളജുകളിൽ നിന്നു പഠിച്ചിറങ്ങുന്ന 1500 പേർക്കു ജോലി വാഗ്ദാനം ചെയ്തിട്ടുണ്ട്.

✶

## ഉറക്കമില്ലാതെ, ടെൻഷൻ അടിച്ചിരുന്നാൽ പ്രമേഹം ഉണരും

ഉറക്കമില്ലായ്മയും മാനസിക പിരിമുറുക്കവും പ്രമേഹ സാധ്യത ഇരട്ടിയാക്കുമെന്നു സ്വീഡനിലെ കരോലിൻ സ്ക ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകർ നടത്തിയ പഠനത്തിൽ കണ്ടെത്തി.

മാനസിക സമ്മർദ്ദങ്ങൾ ഹോർമോൺ ഉൽപാദനത്തെ തടസ്സപ്പെടുത്തുമെന്നു പഠനം ചൂണ്ടിക്കാട്ടുന്നു.

അയ്യായിരം പുരുഷന്മാരിലായി 10 വർഷത്തോളം നീണ്ട നിരീക്ഷണത്തിനുശേഷമാണു നിഗമനങ്ങൾ പുറത്തുവിട്ടിട്ടുള്ളത്. 'ഡയബറ്റിക്ജേണൽ' ഇതു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

**Hindi** Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019

**Malayalam** Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday at 6 a.m. in Jaihind TV.

**Tamil** Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu** Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 August**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378